**ഖുത്ബ**
**8.7.2005**
**ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ**

بسم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

# അല്ലാഹു കടം പറയാറില്ല, എന്നല്ല ഇരട്ടിയാക്കി മടക്കിത്തരുന്നു

**ഏ**കദേശം രണ്ടുമാസമായി ഞാൻ പര്യടനത്തിലായിരുന്നു. കുറച്ചു ദിവസത്തേക്ക് ഇവിടെ വന്നതിനുശേഷം വീണ്ടും പോയി. ജമാഅത്ത് അഭിവൃദ്ധിയിലേക്ക് അതിന്റെ ചുവടുകൾ വെക്കുന്നതായി ഈ പര്യടനവേളയിൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ശിക്ഷണപരവും ധനത്യാഗപരവും പ്രബോധനപരവുമായ പ്രവർത്തനങ്ങൾക്ക് അഥവാ അല്പം മാന്ദ്യം അനുഭവപ്പെട്ടാൽത്തന്നെ ഖിലാഫത്തുമായി നേരിട്ട് ബന്ധമുള്ള കാരണത്താൽ അത് വീണ്ടും പെട്ടെന്ന് സജീവമായിത്തീരാറുണ്ട്. ഞാൻ പര്യടനം ചെയ്യുന്ന രാജ്യങ്ങളിൽനിന്ന് വരുന്ന മിക്ക കത്തുകളിലും ഇത് സ്മരിച്ചു കാണുന്നു; ആഫ്രിക്കൻ രാഷ്ട്രങ്ങളിൽനിന്ന് വരുന്ന കത്തുകളിലും മറ്റ് രാഷ്ട്രങ്ങളിൽനിന്ന് വരുന്ന കത്തുകളിലും ഈ പ്രതിപാദനം കാണാം. ഇതെല്ലാം ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചശേഷം നമുക്ക് കിട്ടിയതാണ്. ജനങ്ങൾ മറന്ന ദൈവസാമീപ്യത്തിനുള്ള മാർഗ്ഗങ്ങൾ വീണ്ടും അവിടന്ന് സ്ഥാപിച്ചു. അത് കരസ്ഥമാക്കുന്നതിനും അതിൽ മത്സരിച്ച് മുന്നേറുന്നതിനുമുള്ള ആഗ്രഹവും ശ്രമവും അംഗങ്ങളിൽ ഉണ്ടാക്കി. ഈ കാഴ്ചകൾ എല്ലായിടത്തും നാം കാണുന്നു. ആഫ്രിക്കയിലും കാനഡയിലും കണ്ട മിക്കവരും നേരിട്ടും കത്തുകളിലൂടെയും തങ്ങളുടെ ഉള്ളിൽ ആത്മീയമായ മാറ്റം ഉണ്ടാക്കാൻ ശ്രമിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ, എന്നല്ല ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കുകയും അല്ലാഹുവിനോട് ജീവസ്സുറ്റ ബന്ധം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരുദ്ദേശ്യത്തിനായിട്ടാണോ വന്നിട്ടുള്ളത് ആ ഉദ്ദേശ്യം പൂർത്തീകരിക്കുന്നവരായിത്തീരാൻ ലോകം മുഴുവനുമുള്ള അഹ്മദികൾക്ക് അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ജനങ്ങളെ അല്ലാഹുവിലേക്ക് കൊണ്ടുവരുന്നതിനും സമാധാനം നിലനിറുത്തുന്നതിനും ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ ഇസ്ലാമിന്റെ മനോഹരമായ അദ്ധ്യാപനം, ഹസ്റത്ത് മുഹമ്മദ് നബി(സ) കാണിച്ച ഇസ്ലാമിന്റെ സുന്ദരമായ ചിത്രം നമ്മളിൽ മാത്രം ഒതുക്കിനിർത്താതെ നമ്മുടെ ജീവിതത്തിന്റെ ഭാഗം മാത്രമാക്കിവെക്കാതെ മറ്റു ജനങ്ങൾക്കും അത് പരിചയപ്പെടുത്തികൊടുക്കുക.

പ്രത്യക്ഷത്തിൽ സ്വയം മുസ്ലിമെന്ന് പറയുന്നവരും എന്നാൽ ഇസ്ലാമിന്റെ സുന്ദരവും മനോഹരവുമായ അദ്ധ്യാപനവുമായി അകന്ന ബന്ധം പോലും ഇല്ലാത്തവരും തലതിരിഞ്ഞവരും ദൈവഭയം തീണ്ടിയിട്ടില്ലാത്തവരുമായ അല്പം ചില ആളുകളാണ് ഇന്നത്തെ അതിക്രമങ്ങൾക്ക് ഉത്തരവാദികളെന്ന് അവർക്ക് പറഞ്ഞ് മനസ്സിലാക്കികൊടുക്കുക. അവർ നബി തിരുമേനിയുടെ അനുയായികളെന്ന് പറയുന്നവരാണ്. എന്നാൽ മനുഷ്യകുലത്തിന് ഉപകാരിയും മുഴുലോകത്തിനും കാരുണ്യവുമായ ആ ധന്യാത്മാവുമായി ഇക്കൂട്ടർക്ക് വിദൂരബന്ധംപോലുമില്ല. ആ മഹാത്മാവ് നന്മകളുടേയും സൽകർമ്മങ്ങളുടേയും ആൾരൂപമായിരുന്നു. അവിടന്ന് പീഡിതർക്കും നിരപരാധികൾക്കുമെന്നല്ല ശത്രുക്കൾക്കും മുഴുവൻ സൃഷ്ടിജാലങ്ങൾക്കും കാരുണ്യമായിരുന്നു. ആ നബിയുടെ അനുയായികൾ എന്നുപറഞ്ഞുകൊണ്ട് ഇന്നിവർ ചെയ്തുകൂട്ടുന്ന അതിക്രമങ്ങൾക്കൊന്നും ഒരു ബന്ധവും ആ പ്രിയപ്പെട്ട നബിയുമായിട്ടില്ല.

ഇന്നലെ ഇവിടെ ലണ്ടനിൽ വിവിധ തീവണ്ടികളിലും ബസ്സുകളിലും ഉണ്ടായ സംഭവം. അത് അക്രമത്തിന്റേയും മൃഗീയതയുടേയും ഒരുദാഹരണമാണ്. ഇത് ഇസ്ലാമിക അദ്ധ്യാപനമനുസരിച്ചാണോ? നബി(സ) തിരുമേനിയെ സ്നേഹിക്കുന്ന ഒരാൾക്ക് ഇത്തരം പ്രവൃത്തി ചെയ്യാൻ കഴിയുമെന്ന് ഞാനൊരിക്കലും കരുതുന്നില്ല. എന്തായാലും ഏത് സംഘടനയാണ്, ഏത് ഗ്രൂപ്പാണ് ഇത് ചെയ്തതെങ്കിലും ഇവർ മുസ്ലിംകളെന്ന് പറയുന്ന കക്ഷിയാണെങ്കിൽ അവർ ഇസ്ലാമിനും നബി(സ) തിരുമേനിക്കും ദുഷ്പേരുണ്ടാക്കാൻ ശ്രമിക്കുകയാണ് ചെയ്തിട്ടുള്ളത്. നമ്മൾ അഹ്മദികൾ ഭാഗ്യവാന്മാരാണ്. നാം ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ഈ നിരർത്ഥവും അക്രമപരവുമായ പ്രവൃത്തികളിൽ നിന്ന് നാം നമ്മെ സംരക്ഷിച്ചിരിക്കുന്നു. ഇത്തരം

അക്രമങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം അഹ്മദിയ്യാ ജമാഅത്ത് എപ്പോഴും അതിനെ ശക്തമായി അപലപിക്കുകയും വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാരണം ഇസ്‌ലാം ലോകത്ത് വന്നത് മനുഷ്യത്വം സ്ഥാപിക്കാനാണ്. അല്ലാതെ നിരപരാധികളുടെ ജീവൻ അപഹരിച്ചെടുക്കാനല്ല. അല്ലാഹു കരുണ ചെയ്യുകയും ലോകത്തെ ഈ അക്രമങ്ങളിൽനിന്ന് രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. ഇത്തരം സന്ദർഭങ്ങളിൽ സ്വയം പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കുന്നതോടൊപ്പം ഇസ്‌ലാമിന്റെ അതിമനോഹരമായ അദ്ധ്യാപനത്തെക്കുറിച്ച് ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കേണ്ടത് ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്. ഏത് സ്ഥലത്തും ഏത് രാജ്യത്തും ആരിൽനിന്ന് ഇത്തരം അക്രമപ്രവർത്തനങ്ങൾ ഉണ്ടായാലും അല്ലാഹുതന്നെ അതിനെ അടിച്ചമർത്തുമാറാകട്ടെ. നമ്മെ എപ്പോഴും നേരായ പന്ഥാവിലൂടെ നയിക്കുമാറാകട്ടെ.

പര്യടനത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. പര്യടനവേളയിൽ വിവിധ സ്ഥലങ്ങളിൽ പുതിയ ചില പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. ഈ പര്യടനവേളയിൽ അഹ്മദികളിലുണ്ടായ ആത്മീയമാറ്റത്തെക്കുറിച്ചും ജമാഅത്തിലെ അംഗങ്ങൾ അവരുടെ കഴിവിനനുസരിച്ച് ചെയ്തതും ചെയ്തുവരുന്നതുമായ ധനത്യാഗത്തെക്കുറിച്ചും പള്ളിനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുമാണ് ഞാൻ പറയാനാഗ്രഹിക്കുന്നത്. ദൈവാനുഗ്രഹത്താൽ കഴിഞ്ഞ കുറച്ചു വർഷത്തിനുള്ളിൽ വിവിധ ജമാഅത്തുകളിൽ പള്ളികൾ നിർമ്മിക്കുന്നതിലേക്കോ വലിയ കെട്ടിടങ്ങൾ വാങ്ങി പള്ളിയായി ഉപയോഗിക്കുന്നതിലേക്കോ അധികമായ ശ്രദ്ധ ഉണ്ടായിട്ടുണ്ട്. വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ കഴിഞ്ഞതവണ നടത്തിയ പര്യടനത്തിൽ നാല് പള്ളികൾക്ക് തറക്കല്ലിടുകയും പുതിയ ആറ് പള്ളികൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആഫ്രിക്കയിൽ കഠിനമായ ദാരിദ്ര്യമാണ്. എങ്കിലും അവർ അവരുടെ കഴിവിനനുസരിച്ച് പള്ളിനിർമ്മാണത്തിൽ പങ്കാളികളാവുന്നു. ത്യാഗവും ആത്മാർത്ഥതയും എത്രമാത്രം അവർക്ക് പ്രകടിപ്പിക്കാൻ കഴിയുമോ അവർ പ്രകടിപ്പിക്കുന്നു. ഈ രാജ്യങ്ങളിലെ പള്ളിനിർമ്മാണത്തിൽ ചെലവുകൾ അധികവും വഹിക്കുന്നത് കേന്ദ്രവും അന്യരാജ്യങ്ങളിലെ സാമ്പത്തികശേഷിയുള്ളവരുമാണ്. അതിലൊരുപാട് ആളുകൾ ഉൾപ്പെടുന്നു. പശ്ചിമാഫ്രിക്കയെപോലെ സമ്പന്നമല്ല കിഴക്കൻ ആഫ്രിക്ക. അവിടെ ഓരോ അഹ്മദിയും വലിയ വലിയ പള്ളികൾ സ്വന്തം ചെലവിൽ നിർമ്മിക്കാറുണ്ട്. പക്ഷെ കിഴക്കനാഫ്രിക്കയിൽ വസിക്കുന്ന അഹ്മദികൾക്ക് ഇത്തരം സാമ്പത്തികശേഷിയില്ല. എന്നാൽ, കെനിയയിൽ ഏഷ്യക്കാരും പാക്കിസ്ഥാനികളും ഹിന്ദുസ്ഥാനികളുമായ അഹ്മദികൾ ദൈവാനുഗ്രഹത്താൽ ധാരാളമുണ്ട്. അവർക്ക് അല്ലാഹു ചെലവഴിക്കുന്നതിനുള്ള തൗഫീഖും നല്കുന്നു. അതിന്റെ ഫലമായി അവർ പള്ളിനിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. ചില പള്ളികൾക്ക് ഞാൻ തറക്കല്ലിടുകയുണ്ടായി. അതിന്റെ നിർമ്മാണ ചെലവ് ഓരോ വ്യക്തിയോ ഓരോ കുടുംബമോ ആണ് വഹിക്കുന്നത്. ഇപ്രകാരം ഉഗാണ്ടയിലും ചില അഹ്മദികളുടെ സാമ്പത്തികനില മെച്ചമാണ്. അതുകൊണ്ട് അവിടത്തെ ആഫ്രിക്കൻ അഹ്മദിയും ധനത്യാഗത്തിൽ ആവേശത്തോടെ പങ്കാളിയാവുന്നുണ്ട്. ഒരാഫ്രിക്കൻ അഹ്മദി മനോഹരവും വലിപ്പമുള്ളതുമായ ഒരു പള്ളി നിർമ്മിക്കാമെന്ന് വാഗ്ദാനം ചെയ്തു. എന്നല്ല അതിന്റെ പണി തുടങ്ങുകയും ചെയ്തിരിക്കുന്നു. അതിനും തറക്കല്ലിടാൻ അവസരം കിട്ടി. അല്ലാഹു ഈ ത്യാഗങ്ങൾ ചെയ്യുന്ന എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുമാറാകട്ടെ. അവരുടെ വിശ്വാസത്തിലും ആത്മാർത്ഥതയിലും അഭിവൃദ്ധി നല്കിക്കൊണ്ടിരിക്കുമാറാകട്ടെ.

ഇതിനുശേഷം ഞാൻ കാനഡയിൽപോയി. ഇന്നലെയാണ് അവിടെനിന്ന് തിരിച്ചെത്തിയത്. അവിടെയും ദൈവാനുഗ്രഹത്താൽ ജമാഅത്ത് വിശ്വാസത്തിലും ആത്മാർത്ഥതയിലും വളരുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ധനത്യാഗം ചെയ്യുന്നതിൽ പ്രത്യേകമായ ഒരാവേശം അവരിൽ അലതല്ലുന്നു. കാനഡയിൽ മൂന്ന് പള്ളികൾക്ക് തറക്കല്ലിടാൻ അവസരം കിട്ടി. പെംങ്കോവറിലാണ് ആദ്യപള്ളിക്ക് തറക്കല്ലിട്ടത്. ഇത് സമുദ്രതീരത്ത് പർവ്വതനിരകളാൽ ചുറ്റപ്പെട്ട ഒരു മനോഹര നഗരമാണ്. കുറച്ചു വർഷം മുമ്പേ ജമാഅത്ത് ഇവിടെ ഒരു സ്ഥലം വാങ്ങിയിരുന്നു. അതിൽ ചെറിയ ഒരു ഹാൾ അടങ്ങുന്ന കെട്ടിടവുമുണ്ടായിരുന്നു. അതിലാണ് ഇപ്പോൾ നമസ്കരിക്കുന്നത്. ഈ സ്ഥലത്താണ് പള്ളിക്ക് തറക്കല്ലിട്ടത്. 'ബൈത്തുർറഹ്മാൻ' എന്ന് അതിന് പേര് വെച്ചു. ഈ പള്ളിയുടെ നിർമ്മാണ ചെലവ് ഒരു അഹ്മദി സഹോദരൻ ഏറ്റെടുത്തിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് ഭാഗ്യം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ധനത്തിലും ആയുസ്സിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഈ പള്ളിക്ക് ഏകദേശം 35, 40 ലക്ഷം ഡോളറാണ് ചെലവ് വരുന്നത്. അത് താൻ ചെലവഴിച്ചുകൊള്ളാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹു എത്രയും വേഗം ഈ പള്ളി നിർമ്മാണം പൂർത്തിയാക്കാൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ.

കാൽഗരി കാനഡയിലെ ഒരു വലിയ നഗരമാണ്. ഇവിടെയും പള്ളിക്ക് തറക്കല്ലിട്ടിരിക്കുന്നു. ദൈവാനുഗ്രഹത്താൽ തറക്കല്ലിടലിനോടനുബന്ധിച്ച് ഒരു നല്ല പരിപാടി സംഘടിപ്പിച്ചിരുന്നു. അവരുടെ പാർലിമെന്റ് അംഗത്തേയും മറ്റ് സാംസ്കാരിക നായകന്മാരേയും ക്ഷണിച്ചിരുന്നു. അവരുടെ ഗവർണരും ഈ പരിപാടിയിൽ പങ്കെടുത്തു. പെംങ്കോവറിലും പാർലിമെന്റംഗങ്ങളും മറ്റ് സാംസ്കാരിക നായകന്മാരും പങ്കെടുത്തിരുന്നു. കാനഡയിൽ ജമാഅത്തിന് നല്ലൊരു പ്രഭാവം നിലനില്ക്കുന്നുണ്ട്. ഈ രണ്ട് പട്ടണങ്ങളിലും കാനഡയിലെ മറ്റ് പ്രദേശങ്ങളെപോലെ ജമാഅത്തിന് നല്ല പ്രഭാവമുണ്ട്. അല്ലാഹു ഈ നല്ല പ്രഭാവത്തെ എന്നെന്നും നിലനിർത്തുകയും ഇതിൽ അഭിവൃദ്ധിപ്പെടാൻ ജമാഅത്തിന് തൗഫീഖ് നല്കുകയും ചെയ്യുമാറാകട്ടെ. ഈ നല്ല പ്രഭാവത്തിന്റെ നല്ല അടയാളങ്ങളും വെളിപ്പെടുമാറാകട്ടെ.

കാൽഗരിയെ കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. ഇവിടത്തെ പള്ളി അതിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ കാനഡയിലെ ഏറ്റവും വലിയ പള്ളിയായിരിക്കുമെന്ന് ഞാൻ കരുതുന്നു. ആറ്, ഏഴ് മില്യൺ ഡോളറാണ് ഇതിന്റെ നിർമ്മാണ ചെലവ് കണക്കാക്കുന്നത്. അല്ലാഹു അവിടത്തെ അഹ്മദി സഹോദരങ്ങൾക്ക് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ ഭാഗ്യം നല്കുമാറാകട്ടെ. അവരുടെ കഴിവും വർദ്ധിപ്പിക്കുമാറാകട്ടെ. ഇപ്പോൾ ആ പള്ളിക്ക് അടിത്തറയിട്ടു കഴിഞ്ഞു. ഇൻശാഅല്ലാഹ്. എത്രയും വേഗം പണി തുടങ്ങുന്നതാണ്. ഏതൊരു ആവേശത്തോടും വേദനയോടും കൂടിയാണോ അവിടത്തെ ആളുകൾ തങ്ങളുടെ വാഗ്ദാനം പൂർത്തിയാക്കുമെന്നും അത് വർദ്ധിപ്പിച്ചു പൂർത്തിയാക്കുമെന്നും പറഞ്ഞത്, ദുആക്കുവേണ്ടി അപേക്ഷിച്ചത് അത് കാണുമ്പോൾ ഇൻശാഅല്ലാഹ് എത്രയും വേഗം ഈ പള്ളിനിർമ്മാണം പൂർത്തിയാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സാമ്പത്തികമായ പ്രശ്നങ്ങളൊന്നും ഉണ്ടാവുകയില്ല. 'ബൈത്തുന്നൂർ' എന്ന് ഈ പള്ളിക്ക് ഞാൻ പേരിട്ടു. ടൊറൊൺഡോയുടെ അടുത്തുള്ള ഒരു സ്ഥലമാണ് ബ്രാംടൺ. ഇവിടേയും പള്ളിക്ക് തറക്കല്ലിടുകയുണ്ടായി. പക്ഷെ, ഇവിടെ ചില തടസ്സങ്ങൾ ഉണ്ട്. അയൽവാസികളോടും മറ്റും അനുവാദവും വാങ്ങേണ്ടതുണ്ട്. എന്തായാലും, അടിത്തറയിട്ടു കഴിഞ്ഞിരിക്കുന്നു. അല്ലാഹുതആല തടസ്സങ്ങളെല്ലാം അകറ്റുമാറാകട്ടെ.

കാനഡ ജമാഅത്ത് ബ്രമിംഗ്ടൺ, ബ്ലാഗ് മിനിസ്റ്റേഴ്സ്, സിസ്കാടോൺ തുടങ്ങിയ സ്ഥലങ്ങളിൽ പള്ളിക്കുവേണ്ടി സ്ഥലമെടുത്തു കഴിഞ്ഞു. 10, 20, 30 ഏക്കറുകളുള്ള വലിയ വലിയ പ്ലോട്ടുകളാണിത്. ഇവിടേയും എത്രയും വേഗം പള്ളി നിർമ്മിക്കാൻ അവർക്ക് ഭാഗ്യം നല്കുമാറാകട്ടെ. പെംങ്കോവറിലും, കാൽഗരിയിലും നാം വാങ്ങിയ സ്ഥലം നഗരത്തിലാണ്. ഏകദേശം ഇത് നാലഞ്ച് ഏക്കറേയുള്ളൂ. എന്നാൽ മറ്റു സ്ഥലങ്ങൾ തുറന്ന സ്ഥലത്തുള്ള പ്ലോട്ടുകളാണ്. കൂടുതൽ സ്ഥലം വാങ്ങുന്നതുകൊണ്ട് ഒരുപാട് നേട്ടങ്ങളാണുള്ളത്. ജമാഅത്തിലെ എല്ലാ ആവശ്യങ്ങളും അത് മുഖേന പൂർത്തിയാക്കാൻ കഴിയും. കാനഡ ജമാഅത്ത് വലിയതും ഉറപ്പുള്ളതുമായ കെട്ടിടങ്ങളടങ്ങുന്ന രണ്ട് സ്ഥലങ്ങൾ വാങ്ങിയിരുന്നു. അതിൽ ഒരിടത്ത് കോട്ടപോലെയുള്ള ഒരു ചെറിയ വീടുമുണ്ട്. അവിടെ എപ്പോഴും ചൂട് നിലനില്ക്കും. ഏതോ ഒരു ഹോളണ്ടുകാരനാണ് ഇത് നിർമ്മിച്ചത്. പിന്നീടത് അയാൾ വിറ്റു. അതിനു ചുറ്റും 17, 18 ഏക്കർ സ്ഥലവുമുണ്ട്.

ത്യാഗം ചെയ്യുന്നവരുടെ ഈ പണത്തിനുമേൽ അല്ലാഹു ചൊരിയുന്ന അനുഗ്രഹങ്ങൾ കാണുമ്പോൾ അത്ഭുതം തോന്നുന്നു. കോട്ടയുടെ രീതിയിലുള്ള ഈ വീടും 18 ഏക്കർ സ്ഥലവും ഏകദേശം ഒരു മില്യൺ ഡോളറിനാണ് നാം വാങ്ങിയത്. ഇതിന്റെ ചെലവും ഒരു വ്യക്തിയാണ് വഹിച്ചത്. ഇങ്ങനെ ചെലവ് വഹിക്കാനുള്ള ആത്മാർത്ഥരായ ആളുകളെ അല്ലാഹു ജമാഅത്തിന് നല്കിയിരിക്കുന്നു. നമുക്ക് ഈ സ്ഥലം കിട്ടിയത് വളരെ ചെറിയ വിലയ്ക്കാണ്. ഇപ്പോൾതന്നെ അതിന്റെ ഇരട്ടി വിലയ്ക്ക് അതെടുക്കാനാളുണ്ട്. നമ്മൾ വാങ്ങിയ ഈ കെട്ടിടം സന്ദർഭവശാൽ ഖിബ്‌ലയ്ക്ക് അഭിമുഖമായിട്ടാണുള്ളത്. അതുകൊണ്ട് പള്ളിയെന്ന നിലയിലും പെട്ടെന്ന് നമുക്കത് ഉപയോഗിക്കാൻ കഴിഞ്ഞു. കുറച്ച് മാറ്റങ്ങൾ വരേണ്ടതുണ്ട്. മറ്റു മുറികൾക്ക് പുറമെ വലിയ വലിയ രണ്ട് ഹാളുകളും ഇതിലുണ്ട്. ഒരു ഹാൾ ചില മാറ്റങ്ങൾ വരുത്തിയാൽ പള്ളി എന്ന നിലയിൽ ഉപയോഗിക്കാൻ കഴിയും. അതിനുവേണ്ടി അത് തയ്യാറാക്കുന്നതാണ്. അതിന്റെ പണി തുടങ്ങിക്കഴിഞ്ഞു. ഈ രണ്ട് ഹാളിലുമായി ഏകദേശം 400, 500 പേർക്ക് നിസ്കരിക്കാൻ കഴിയും. കോൺവാളിലും ഒരു കെട്ടിടം വാങ്ങിയിട്ടുണ്ട്. അത് പള്ളിയാക്കുന്നതാണ്. ഇതുവാങ്ങി നല്കിയത് മൊറേഷ്യസിലെ ഒരു അഹ്മദി ഡോക്ടറാണ്. ഇതിന്റെ ചെലവ് ഏകദേശം മൂന്ന് ലക്ഷം ഡോളറാണ്. കോൺവാൾ ഒരു ചെറിയ നഗരമാണ്. അതുകൊണ്ട് ഇപ്പോഴത്തെ ആവശ്യം കണക്കിലെടുത്താണ് അവിടെ ഇത് വാങ്ങിയിട്ടുള്ളത്.

എവിടെ സ്ഥലം വാങ്ങിയാലും അവിടെയെല്ലാം നല്ല മാതൃക സ്ഥാപിക്കുകയും ആരാധനയുടെ നിലവാരം ഉയർത്തുകയും ചെയ്യുക എന്ന നമ്മുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം നിലനിർത്തേ

ണ്ടതാണ്. നഗരത്തിൽ തദ്ദേശവാസികളുടെ ശക്തമായ ഒരു ജമാഅത്തുണ്ടാക്കാനും ശ്രമിക്കുക. ജമാഅത്തംഗങ്ങളുടെ ധനത്യാഗത്തിന്റെ അത്ഭുതകരമായ കാഴ്ചകളാണ് എങ്ങും ദർശിക്കാൻ കഴിയുന്നത്. ഭൗതികരായ ആളുകൾ തങ്ങളുടെ പണം കളിതമാശകളിൽ ചെലവഴിക്കുമ്പോൾ അഹ്മദി മുസ്‌ലിംകൾ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടി തങ്ങളുടെ പണം ചെലവഴിക്കുന്നു. കാരണം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നതിൽ മാത്രമാണ് പ്രയോജനവും നേട്ടവും ഉള്ളത് എന്ന തിരിച്ചറിവും ബോധവും ഇന്നവർക്കുണ്ട്. കളിതമാശകളിൽ ചെലവഴിക്കപ്പെടുന്ന ധനം നഷ്ടപ്പെട്ടുപോകുന്നു. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കപ്പെടുന്ന പണം നഷ്ടപ്പെടുന്ന പ്രശ്നമേയില്ല. എന്നല്ല അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവനത് തിരികെ കൊടുക്കുകയും ചെയ്യുന്നു. കാരണം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് അത് ചെലവഴിക്കപ്പെടുന്നത്. കടം പറയാറില്ലെന്നത് അല്ലാഹുവിന്റെ സുന്നത്ത് അഥവാ നടപടിക്രമമാണ്. കടം പറയാറില്ലെന്ന് മാത്രമല്ല ഒരുപാടിരട്ടി വർദ്ധിപ്പിച്ച് അത് മടക്കിത്തരികയും ചെയ്യുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു.

لَيْسَ عَلَيْكَ هُدٰىهُمْ وَلٰكِنَّ اللّٰهَ يَهْدِيْ مَنْ يَّشَآءُ
وَمَا تُنْفِقُوْا مِنْ خَيْرٍ فَلِاَنْفُسِكُمْ وَمَا تُنْفِقُوْنَ اِلَّا
ابْتِغَآءَ وَجْهِ اللّٰهِ وَمَا تُنْفِقُوْا مِنْ خَيْرٍ يُّوَفَّ اِلَيْكُمْ
وَاَنْتُمْ لَا تُظْلَمُوْنَ

അതായത് നബി(സ) തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: അവരെ നേർമാർഗ്ഗത്തിലാക്കുക എന്നത് നിന്റെ ചുമതലയല്ല. എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയേ നടത്തുന്നു. എന്തൊന്ന് നിങ്ങൾ നിങ്ങളുടെ ധനത്തിൽനിന്ന് ചെലവഴിക്കുന്നുവോ അത് നിങ്ങളുടെ ഗുണത്തിനുവേണ്ടിയാണ്; അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയല്ലാതെ നിങ്ങളൊരിക്കലും ചെലവഴിക്കുന്നില്ലല്ലോ. ധനത്തിൽനിന്ന് എന്തൊന്ന് നിങ്ങൾ ചെലവഴിക്കുന്നുവോ അത് മുഴുവനും നിങ്ങൾക്ക് തിരിച്ചു നല്കപ്പെടുന്നതാണ്. നിങ്ങളോട് അനീതി ചെയ്യപ്പെടുകയുമില്ല.(*2:273*)

നേർമാർഗ്ഗം പ്രദാനം ചെയ്യുക, നേർമാർഗ്ഗത്തിൽ നിലനിർത്തുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണെന്ന് അല്ലാഹു പറയുന്നു. അല്ലാഹു ഹിദായത്ത് അഥവാ നേർമാർഗ്ഗം നല്കുന്നത് ***അല്ലദീനയുഅ്മിനൂന ബിൽഗയ്ബി വ യുഖീമൂന സ്സ്വലാത്ത വമിമ്മാ റസഖ്നാഹും യുൻഫിഖൂൻ*** അദൃശ്യങ്ങളിൽ വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നവർക്കാണ്. അതുകൊണ്ട് നിങ്ങൾ ഇക്കാര്യങ്ങൾ ഓർമ്മവെച്ച് പ്രവർത്തിച്ചുകൊണ്ട് നേർമാർഗ്ഗത്തിൽ ചലിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നാൽ അല്ലാഹുവും നേരായമാർഗ്ഗത്തിൽ നടത്തുന്നതാണ്.

സന്മാർഗ്ഗം പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്ന് ഞാൻ പാരായണം ചെയ്ത വചനത്തിൽ പറഞ്ഞത് ധനം ചെലവഴിക്കുക എന്നതാണ്. അത്തരക്കാർ സന്മാർഗ്ഗത്തിൽ നിലകൊള്ളുന്നവരായിരിക്കും. അവർക്ക് മറ്റു നന്മകൾ ചെയ്യാനും ഭാഗ്യം ലഭിക്കും. പണം എല്ലാവർക്കും പ്രിയങ്കരമായിത്തീർന്നിരിക്കുന്ന കാലമാണിത്. പണം സമ്പാദിക്കാനുള്ള അമിതമായ വാഞ്ഛയാണ് എങ്ങും. അത് സുഖലോലുപതയ്ക്കുവേണ്ടി ഉപയോഗിച്ചുവരുന്നു. ഈ അവസരത്തിൽ നിങ്ങൾ അല്ലാഹുവിനുവേണ്ടി ചെലവഴിക്കുന്ന ധനം തീർച്ചയായും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സമ്പാദിച്ചെടുക്കാൻ നിങ്ങളുടെ സഹായിയായിത്തീരും. ഈ ധനം ചെലവഴിക്കുന്നതുകൊണ്ടുള്ള ഏറ്റവും വലിയ നേട്ടം ദൈവസംതൃപ്തി കരസ്ഥമാകുന്നു എന്നതാണ്. ഇതിൽ നമുക്ക് സുവാർത്തയുമുണ്ട്. ഏതുപോലെ ആദ്യം വന്നയാളുകൾക്ക് ഈ സ്ഥാനം ലഭിച്ചുവോ അതുപോലെ അവസാനകാലത്ത് വന്ന നമുക്ക് ആദ്യ ആളുകളുമായി കൂടിച്ചേരാമെന്ന സുവാർത്ത നല്കിക്കൊണ്ട് പറഞ്ഞു: ഇന്ന് നിങ്ങളും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം വന്നവർ പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കുക. അതെന്താണെന്നുവെച്ചാൽ, നിങ്ങളുടെ ചെലവഴിക്കൽ ദൈവതൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി മാത്രമായിരിക്കണം. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ രീതിയിൽ പ്രവർത്തിക്കുന്ന നിരവധി നിരവധി അഹ്മദികളുണ്ട്. അവരുടെ ചിന്ത, ദൈവതൃപ്തി പ്രാപിക്കണമെന്നു മാത്രമാണ്. അതിനാണ് അവർ ചെലവഴിക്കുന്നത്. ഇങ്ങനെ ചെലവഴിക്കുന്നതുകൊണ്ടുള്ള നേട്ടം ഒന്നാമതായി സന്മാർഗ്ഗത്തിൽ അവരെ അല്ലാഹു നിലനിർത്തുമെന്നതാണ്. അഹ്മദിയ്യത്ത് സ്വീകരിക്കാൻ അല്ലാഹു നിങ്ങൾക്ക് ഭാഗ്യം നല്കിയാൽ അതിൽ നിലകൊള്ളുന്നതിന് ഈ ചെലവഴിക്കൽ നിങ്ങളുടെ സഹായി എന്ന നിലയിൽ പ്രവർത്തിക്കുന്നതാണ്. എന്നുമാത്രമല്ല ഈ ചെലവഴിക്കുന്നത് പലയിരട്ടിയാക്കി തിരിച്ചുതരികയും ചെയ്യും. എഴുന്നൂറിരട്ടിയോ അതിലധികമോ ആക്കിത്തിരിച്ചു തരുമെന്ന് മറ്റൊരിടത്ത് പറയുന്നുണ്ട്. അല്ലാഹു

ആരോടും അതിക്രമം പ്രവർത്തിക്കുകയില്ല.

ഈ വികാരത്തോടുകൂടി ആരാണോ ചന്ദ കൊടുക്കുന്നത്, അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നത് അവരുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകുന്നു. ആരാണോ ഈ പോയന്റ് മനസ്സിലാക്കിയത് അവർ എത്ര മില്യൺ, എത്ര ഡോളർ ചെലവാകും എന്നൊന്നും ചിന്തിക്കുകയില്ല. അവർ നിർഭയമായി ചെലവഴിക്കുന്നവരിൽ ഉൾപ്പെട്ടവരാണ്.

ചെലവഴിക്കുന്നവർക്കുണ്ടാകുന്ന അനുഗ്രഹങ്ങൾ, അവർ ചെലവഴിച്ചത് അല്ലാഹു സ്വീകരിച്ചുവെന്നതിന് തെളിവാണ്. ഈ അനുഗ്രഹം ഹസ്റത്ത് മസീഹ് മൗഊദ്(അ) സത്യവാദി ആണെന്നതിന് തെളിവായി അഹ്മദികൾ മനസ്സിലാക്കുന്നു. ഇക്കാര്യം ആദ്യയാളുകളുമായി (സഹാബത്തുമായി) കൂടിച്ചേരുന്നവരെന്ന് നബി(സ) പ്രവചിച്ച അക്കൂട്ടർ നാം തന്നെയാണെന്ന അവരുടെ വിശ്വാസത്തെ കൂടുതൽ ദൃഢപ്പെടുത്തുന്നു. ഇതിൽ ചിന്തിക്കുകയാണെങ്കിൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ) സത്യവാനാണെന്നുള്ളതിന് തെളിവായി ഓരോ അഹ്മദിയേയും കാണാൻ കഴിയും. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാണെന്നതിന് അവർതന്നെ സാക്ഷിയാണ്.

ഇനി യു.കെ. ജമാഅത്തിന്റെ ധനത്യാഗത്തെ കുറിച്ചും ഞാൻ പറയട്ടെ. ഖലീഫയുടെ പര്യടനം വെളിയിലുള്ള രാജ്യങ്ങളാണ് പ്രയോജനപ്പെടുത്തുന്നതെന്നും യുകെയിൽ കഴിഞ്ഞ 20, 22 വർഷമായി ഖിലാഫത്തു കേന്ദ്രം സ്ഥിതി ചെയ്യുന്നുവെന്നും ആ സാമീപ്യം കാരണത്താൽ ഇവിടെത്തെ ആളുകൾ അതിനെ പ്രയോജനപ്പെടുത്തുന്നില്ലെന്നും അത് മറന്നുപോയെന്നും അതിന്റെ പ്രാധാന്യം അറിയുന്നില്ലെന്നും ആരെങ്കിലും കരുതുന്നുവെങ്കിൽ അത് തെറ്റായ ധാരണയാണ്. അങ്ങനെയുള്ള ധാരണ തിരുത്തപ്പെടേണ്ടതാണ്. ദൈവാനുഗ്രഹത്താൽ യുകെ ജമാഅത്ത് ത്യാഗങ്ങളിലും വളരെ വളർന്നുകഴിഞ്ഞിരിക്കുന്നു. സാമ്പത്തിക ത്യാഗത്തിനുള്ള ഓരോ ആഹ്വാനവും കേൾക്കുമ്പോഴും ഒന്നാം നിലയിൽ നില്ക്കുന്നവരോടൊപ്പമാണവർ. ഇവിടേയും മറ്റിടങ്ങളിൽ കാണുന്നപോലെതന്നെ നന്മകളിൽ വളരുന്ന മാതൃകാപരമായ കാഴ്ചകൾ കാണാം. ഖിലാഫത്തിനോടുള്ള സ്നേഹം ഇവരിലും കുറവല്ല. ഇതിന്റെ കാഴ്ചകൾ വിവിധ നേരങ്ങളിൽ വിവിധ സ്ഥലങ്ങളിൽ ദർശിക്കാൻ കഴിയുന്നു. കഴിഞ്ഞ 23 വർഷമായി ഖലീഫ ഇവിടെയുള്ള കാരണത്താൽ സുസ്ഥിരമായ പല പ്രവർത്തനങ്ങളും അവർ ചെയ്തുവന്നു, ചെയ്തുകൊണ്ടിരിക്കുകയുമാണ്. വാളണ്ടിയർമാരുടെ പ്രവർത്തനമെല്ലാം ഉദ്യോഗസ്ഥന്മാർ മുഖേന തന്നെ നിലനിർത്തിപ്പോരുന്നു. ഇത് അങ്ങേയറ്റം സ്തുത്യർഹമായ കാര്യമാണ്. എന്റെ മുമ്പിലിരിക്കുന്ന യുകെക്കാർ, പര്യടനം കഴിഞ്ഞുവന്ന് മറ്റ് രാജ്യങ്ങളിലെ കാര്യങ്ങൾ ഞാൻ പറയുമ്പോൾ നിരാശരാകേണ്ട. നിങ്ങളും മാശാഅല്ലാഹ് ത്യാഗങ്ങളിൽ മുൻകടക്കുന്നവരിൽ പെട്ടവരാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഈ പള്ളി നിർമ്മാണത്തിന്നായി ആഹ്വാനം ചെയ്തപ്പോൾ യു.കെ. ജമാഅത്ത് അത്യുത്സാഹത്തോടെ അതിൽ പങ്കെടുത്തു. ചില കാരണങ്ങളാൽ ചെലവ് ഇരട്ടിയോളമെത്തിയപ്പോൾ വീണ്ടും ആഹ്വാനം ചെയ്യേണ്ടിവന്നു. അപ്പോഴും നിങ്ങൾ ക്ഷീണിച്ചു പിന്മാറിയില്ല. ആദ്യത്തെപോലെതന്നെ അത്യുത്സാഹത്തോടെ അതിലും നിങ്ങൾ പങ്കുകൊണ്ടു. അങ്ങനെ മനോഹരവും സുന്ദരവുമായ ഈ പള്ളി യൂറോപ്പിന്റെ ഹൃദയത്തിൽ നിങ്ങൾ നിർമ്മിച്ചു. വെളിയിലുള്ള ജമാഅത്തുകളും ഇതിൽ പങ്കുവഹിച്ചിട്ടുണ്ട് എന്നത് ശരിതന്നെ. അവരുടെ ത്യാഗങ്ങളും ഇതിൽപെട്ടിട്ടുണ്ട്. പക്ഷെ, യു.കെയിലെ ജമാഅത്ത് ഒരു രംഗത്തും പിന്നിൽനിന്നില്ല എന്നല്ല ഏറ്റവും വലിയ ഭാഗം അവരുടേതായിരുന്നു. ഇപ്പോഴും ചില ചെറിയ ചെറിയ പണികൾ ഇവിടെ നടന്നുവരുന്നുണ്ട്. സ്ഥിരമായിട്ട് ഇതിനുവേണ്ടി ചെലവുണ്ടായിക്കൊണ്ടിരിക്കുന്നു. മറ്റുള്ളവർ ഇക്കാര്യം അറിയേണ്ടതാണ്.

കഴിഞ്ഞവർഷം ബെമിംഗ്ന്റേയിൽ മനോഹരമായ ഒരു പള്ളി നിർമ്മിച്ചിരുന്നു. അവിടെത്തെ ജമാഅത്തും തങ്ങളുടെ നഗരത്തിൽ പള്ളി നിർമ്മിച്ചുകൊണ്ട് ഒരു വർദ്ധനവുണ്ടാക്കി. പിന്നീട് ഞാൻ രണ്ടിടങ്ങളിൽ പള്ളികൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. അപ്പോൾ യുകെ ജമാഅത്ത് ത്യാഗംവരിക്കാൻ തയ്യാറായി; അൻസാറുല്ലായും ലജനാ ഇമായില്ലായും മറ്റു ജമാഅത്തിലെ അംഗങ്ങളും. ഇവിടെയും എല്ലാ രംഗങ്ങളിലും ത്യാഗവികാരങ്ങൾ പ്രകടമാകുന്നതായി കാണാം. അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ തൃപ്തിയും കരസ്ഥമാകണമെങ്കിൽ ഇഷ്ടവസ്തുക്കൾ അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കേണ്ടതാണ്. അപ്പോഴാണ് നിങ്ങൾ ദൈവതൃപ്തിക്കുവേണ്ടി ചെലവഴിക്കുന്നവരാണെന്ന് മനസ്സിലാവുന്നത്. ഇല്ലെങ്കിൽ നന്മയിലേക്ക് ഉയരുന്നവരാണെന്ന നിങ്ങളുടെ വാദം വെറും പൊള്ളയായിരിക്കും. അല്ലാഹു പറയുന്നു: ***ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ*** അതായത് നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ്ണനന്മ പ്രാപിക്കുകയില്ല. (*3:93*) ഈ കല്പന അനുസരിച്ച് പ്രവർത്തിക്കാൻ ജമഅത്ത് എപ്പോഴും ശ്രമിച്ചുപോന്നിട്ടുണ്ട്. ഈ കല്പനയനുസരിച്ചുള്ള പ്രവർത്തനം അഹ്മദിയ്യാ ജമാഅ

ത്തിന്റെ ചരിത്രത്തിൽ എങ്ങും ദൃശ്യമാണ്. ഇതിൽ യുകെ ജമാഅത്തും ആരിൽനിന്നും പിന്നിലല്ല. പുരുഷന്മാരും സ്ത്രീകളും നല്ലൊരു മാതൃക കാഴ്ചവെച്ചിട്ടുണ്ട്. പ്രത്യേകിച്ച് ഞാൻ സ്ത്രീകളെക്കുറിച്ച് പറയാം.

സ്ത്രീകളുടെ ഇഷ്ടപ്പെട്ട വസ്തുവാണ് ആഭരണം. അവർ വളരെ താല്പര്യത്തോടെയാണ് അത് ഉണ്ടാക്കുന്നത്. പക്ഷെ, അഹ്മദി സ്ത്രീയുടെ ലക്ഷ്യം ദൈവതൃപ്തി കരസ്ഥമാക്കുക എന്നതാണ്. അവരെപ്പോഴും അവരിഷ്ടപ്പെട്ട ഈ ആഭരണങ്ങൾ ജമാഅത്തിന്റെ ആവശ്യത്തിനായി സന്തോഷത്തോടെ സമർപ്പിച്ചിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രാരംഭം മുതൽ ഇന്നുവരെ ഇതനുവർത്തിച്ചുപോരുന്നു. യുകെയിലെ സ്ത്രീകളും ത്യാഗത്തിന്റെ മനോഹരമായ കാഴ്ച നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. ഓരോ ആഹ്വാനത്തിനും തന്റെ എന്തെങ്കിലും ആഭരണങ്ങൾ എടുത്ത് ജമാഅത്തിന് കൊടുത്തിട്ടുള്ള സ്ത്രീകളും ഉണ്ട്. അവശേഷിച്ചിട്ടുള്ള ആഭരണംപോലും അത് വളയാകട്ടെ, കമ്മലാകട്ടെ അതുംകൂടി കൊടുക്കുകയുണ്ടായി. ഒന്നും ബാക്കിവെച്ചില്ല. ചിലർ തങ്ങളുടെ പൂർവ്വപിതാക്കളുടെ അടയാളമായി കാത്തുസൂക്ഷിച്ചുപോന്ന വസ്തുക്കളും ജമാഅത്തിന് കൊടുത്തു. ഭർത്താവോ, മാതാപിതാക്കളോ വീണ്ടും ഉണ്ടാക്കിക്കൊടുക്കുന്നതും ജമാഅത്തിന് നല്കാൻ അവർ മടിച്ചില്ല. ഇതും അതിൽ ഉൾപ്പെടുത്തുക എന്നു പറഞ്ഞ് എന്റെ അടുത്തുവന്ന് നേരിട്ട് എനിക്കത് നല്കിയിട്ടുണ്ട്. ഈ മാതൃകകൾ അഹ്മദീ സ്ത്രീകളിലെ കാണുകയുള്ളൂ. വിവിധ കാര്യങ്ങൾക്കായി ഇവിടെത്തെ സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾ ജമാഅത്തിന് നല്കി എന്നും അവർക്കുവേണ്ടി ദുആ ചെയ്യുകയെന്നും കാനഡയിലെ ലജനയുടെ സെക്രട്ടറിമാൽ വളരെ വികാരനിർഭരയായി എന്നോട് പറയുകയുണ്ടായി.

നോക്കുക, എങ്ങനെയാണ് തങ്ങൾ ഇഷ്ടപ്പെട്ട വസ്തുക്കൾ അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതാണ് ഒരഹ്മദി സ്ത്രീയുടെ സൗന്ദര്യമെന്ന് ഞാൻ അവരോട് പറഞ്ഞു. തങ്ങൾ അങ്ങേയറ്റം സ്നേഹിക്കുന്നതും തങ്ങളുടെ ബാഹ്യമായ സൗന്ദര്യത്തിനുള്ള അലങ്കാരവുമായ വസ്തുക്കളെ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിനെ അലങ്കരിക്കാൻ വേണ്ടി, അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുന്നതിനുവേണ്ടി, അതിന്റെ അലങ്കാരത്തിനുംവേണ്ടി ത്യാഗം ചെയ്യുന്നു. ഇത് അഹ്മദിയ്യാലോകത്ത് എങ്ങും നമുക്ക് കാണാവുന്നതാണ്. ഇഷ്ടവസ്തുക്കൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്ന സ്ത്രീകളെ കാനഡയിൽ നാം കാണുമ്പോൾ അവരെ യുകെയിലും ജർമ്മനിയിലും പാക്കിസ്ഥാൻ തുടങ്ങിയ ദരിദ്രരാഷ്ട്രങ്ങളിലും നമുക്ക് കാണാൻ കഴിയും. അവരുടെ ദാരിദ്ര്യം കൊണ്ട് അവരുടെ കയ്യിൽ നിസ്സാരമായ ആഭരണമേ ഉണ്ടാവുകയുള്ളൂ. അത് വീണ്ടും ഉണ്ടാക്കാൻ കഴിയുമോ എന്ന കാര്യംതന്നെ പ്രയാസമാണ്. പക്ഷെ, അതൊന്നും ചിന്തിക്കാതെ അത്യുത്സാഹത്തോടെ അവർ ജമാഅത്തിന് അത് കൊണ്ടുകൊടുക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ലോകത്തെവിടെ നോക്കിയാലും ഈ കാഴ്ചകൾ നമുക്ക് കാണാം. ജീവനുള്ള ജനതയുടെ അടയാളമാണിത്. അവരുടെ ഉമ്മമാരും, പെൺമക്കളും ത്യാഗരംഗത്ത് അവരുടെ പിതാക്കന്മാരുടേയും ആൺമക്കളുടേയും പിന്നിലാവുകയില്ല. പിന്നിലാവുന്നത് അവർക്ക് സഹിക്കുകയില്ല. ഈ മാതൃകകൾ നിലനില്ക്കുന്ന കാലത്തോളം ദൈവതൃപ്തി പ്രാപിക്കാനും അവനെ ആരാധിക്കാനുമുള്ള ആഗ്രഹം നിലനില്ക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന കാലത്തോളം ഓരോ അഹ്മദി പുരുഷനും സ്ത്രീയും കുട്ടിയും വൃദ്ധനും തങ്ങളുടെ ആരാധനകളോടൊപ്പം തങ്ങളുടെ ധനത്യാഗവും ജീവസ്സുറ്റതാക്കി നിലനിർത്തുന്ന കാലത്തോളം ഇൻശാഅല്ലാഹ് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് എപ്പോഴും അവന്റെ അനുഗ്രഹങ്ങളെ അവർ സ്വരുക്കൂട്ടുന്നവരായിരിക്കും. അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരുമായിരിക്കും. അത്തരക്കാർ ഒരിക്കലും പരാജയത്തിന്റെ മുഖം കാണുകയില്ല. അവരുടെ ധനത്തിലും ബർക്കത്തുണ്ടാകും. അവരുടെ മക്കളിലും ബർക്കത്തുണ്ടാകും.

മറ്റൊരു കാര്യംകൂടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. യുകെ ജൽസ ഇവിടെ നടന്നുവരുന്നുണ്ട്. ഖലീഫ ഇവിടെയുള്ളതുകൊണ്ട് ഈ ജൽസക്ക് കേന്ദ്ര ജൽസയുടെ സ്ഥാനമാണുള്ളത്. കാരണം ഖലീഫ ഇവിടെ താമസിക്കുന്നതുകൊണ്ട് ഈ ജൽസയിൽ പങ്കെടുക്കുമെന്നത് തീർച്ചയാണ്. മറ്റ് രാജ്യങ്ങളിൽ നടക്കുന്ന എല്ലാ ജൽസകളിലും ഖലീഫ പങ്കെടുത്തുകൊള്ളണമെന്നത് നിർബ്ബന്ധമുള്ള കാര്യമല്ല. അതുകൊണ്ടുതന്നെ ഈ ജൽസയിൽ ധാരാളം ആളുകൾ എത്തിച്ചേരുന്നു. ഈ സ്ഥിതി നിലനില്ക്കുവോളം കാലം യുകെ ജമാഅത്തിനുതന്നെയാണ് കൂടുതൽ ത്യാഗം വരിക്കേണ്ടതായി വരുന്നത്. ഇതിൽ ധനത്യാഗത്തിനു പുറമെ സമയത്യാഗവുമുണ്ട്. ഇന്നുവരെ മാശാഅല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ചുമതലകൾ യുകെ ജമാഅത്ത് തന്നെയാണ് നിറവേറ്റിയത്. നമ്മുടെ ജൽസ അടുത്തുവരുന്നു. ഇരുപത് ദിവസമേ ബാക്കിയുള്ളൂ. ഇസ്ലാമാബാദിൽ സ്ഥലം കുറവായ

കാരണത്താൽ ഈ വർഷം ജമാഅത്തിന്റെ തീരുമാനമനുസരിച്ച് ജൽസക്കുവേണ്ടി സ്ഥലം വാടകക്കെടുത്തിരിക്കുകയാണ്. അവിടെയായിരിക്കും ഈ വർഷം ജൽസ നടക്കുക. ഇതുകൊണ്ട് എല്ലാ സൗകര്യങ്ങളും രണ്ടിടങ്ങളിലായി ഒരുക്കേണ്ടതായിട്ട് വരും. അതായത് ഇസ്‌ലാമാബാദിലും വാടകക്കെടുത്ത പുതിയ സ്ഥലത്തും. സംഘാടകർക്ക് ഇതുമുഖേന വിഷമങ്ങളും ഉണ്ടാകാൻ ഇടയുണ്ട്. രണ്ടു സ്ഥലത്തും പ്രവൃത്തി നടക്കുന്ന കാരണത്താൽ വളണ്ടിയർമാർക്ക് ചിലയിടങ്ങളിൽ കൂടുതൽ പ്രയത്നിക്കേണ്ടതായി വരും. അതുകൊണ്ട് ഇപ്പോൾ മുതൽ തന്നെ അവർ ഇതിന് തയ്യാറായിരിക്കേണ്ടതാണ്.

പുതിയ സ്ഥലത്ത് ചില കാര്യങ്ങൾ താല്ക്കാലികമായിട്ട് ചെയ്യേണ്ടതായി വരും. സ്ഥിരമായിട്ട് ഇസ്‌ലാമാബാദിലുള്ള സംവിധാനം അങ്ങോട്ടു കൊണ്ടുപോകാൻ സാദ്ധ്യമല്ല. താൽക്കാലിക സംവിധാനമായതുകൊണ്ട് അത് ഉന്നത നിലവാരം പുലർത്തുന്നതായി കൊള്ളണമെന്നില്ല. അതുകൊണ്ട് അതിഥികളോട് പറയുന്നത് ചില ന്യൂനതകളേയും കുറവുകളേയും നിങ്ങൾ ഈ വർഷം സഹിക്കുക എന്നാണ്. അതിഥികൾ എത്തിതുടങ്ങി.

ഇതിനോടൊപ്പം യുകെ ജമാഅത്തിന്റെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്, ജൽസക്കുവേണ്ടി യുകെ ജമാഅത്തിന് വിശാലമായ സ്ഥലം അന്വേഷിക്കേണ്ടതായി വരും. അമീർ സാഹിബ് തുടങ്ങിയവർ ഇതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നതാണ്. എത്രവേഗം ഈ സ്ഥലം കിട്ടുമെന്നറിയില്ല. സ്ഥലം കിട്ടിക്കഴിഞ്ഞാൽ അത് വാങ്ങേണ്ടത് യുകെ ജമാഅത്ത് തന്നെയാണ്. അതുകൊണ്ട് ഇപ്പോൾ മുതൽ മാനസികമായി തയ്യാറായിരിക്കുക. നിങ്ങൾക്ക് മറ്റൊരു ത്യാഗംകൂടി എന്തായാലും ചെയ്യേണ്ടതായി വരും. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ അരമുറുക്കുക. നിങ്ങളുടെ മനശ്ശക്തി വർദ്ധിപ്പിക്കുക. അല്ലാഹു നിങ്ങളുടെ കഴിവ് വർദ്ധിപ്പിച്ചു തരുന്നതാണ്. പുതിയതായി ഒരുപാടാളുകൾ ഇവിടെ ജമാഅത്തിൽ വന്നിട്ടുണ്ട്. യൂറോപ്പിലെ വിവിധ സ്ഥലങ്ങളിൽനിന്ന് വന്നവരെ ഉദ്ദേശിച്ചാണ് പുതുതായി വന്നവർ എന്ന് ഞാൻ പറഞ്ഞത്. അവർ ഇവിടെ വന്ന് താമസം തുടങ്ങിയതാണ്. അങ്ങനെ ഇവിടത്തെ അംഗസംഖ്യയും വർദ്ധിച്ചിട്ടുണ്ട്. അതിനെക്കാളുപരി ത്യാഗങ്ങളിലും വർദ്ധനയുണ്ടാകണം.

ജൽസക്ക് ഇരുപത് ദിവസമേയുള്ളൂവെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കേണ്ടതാണ്. ഇപ്പോൾ മുതൽതന്നെ അത് തുടങ്ങുക. എല്ലാ കുറവും ന്യൂനതയും അല്ലാഹു അകറ്റുമാറാകട്ടെ. കാരണം ഇത് പരിഹരിക്കാൻ അല്ലാഹുവിന് മാത്രമേ കഴിയൂ. ഈ കുറവുകൾ ജൽസാ നാളുകൾ എത്തുമ്പോൾ കൂടുതലാകാൻ സാദ്ധ്യതയുണ്ട്. അപ്പോൾ അല്ലാഹുതന്നെ നമ്മുടെ വീഴ്ചകൾ പരിഹരിച്ചു തരുമാറാകട്ടെ.

താൽക്കാലിക സംവിധാനമനുസരിച്ച് ജൽസ നല്ലവണ്ണം നടത്താൻ കഴിയുമോ ഇല്ലേ എന്നും ഈ വർഷം അറിയാൻ കഴിയും. ജർമ്മനിയിലും കാനഡയിലുമെല്ലാം ജൽസ ഒരിടത്തുതന്നെയാണ് നടക്കുന്നത്. പക്ഷെ, അവിടെ പല സൗകര്യങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്. അതായത്, ഹാൾ തുടങ്ങിയവ. ഈ മൈതാനത്ത് അതൊന്നുമില്ല. അതുകൊണ്ട് ബുദ്ധിമുട്ടുകൾ എന്തായാലും ഉണ്ടാകും. അതുകൊണ്ടാണ് പ്രാർത്ഥിക്കാൻ ഞാൻ പറഞ്ഞത്.

സ്ഥിരമായിട്ടുള്ള സംവിധാനം എത്രമാത്രം അത്യാവശ്യമാണെന്നും ഈ ജൽസയിൽ നിങ്ങൾക്ക് മനസ്സിലാകും. ഞാൻ വിചാരിക്കുന്നത്, നമുക്ക് സ്ഥിരമായിട്ടുള്ള ഏർപ്പാടുണ്ടാക്കേണ്ടി വരും എന്നുതന്നെയാണ്. ഇതിനുവേണ്ടിയും ഒരുപാട് ദുആ ചെയ്യുക. അല്ലാഹു സഹായിക്കുമാറാകട്ടെ. ധനത്യാഗം ചെയ്യേണ്ടിവന്നാൽ നിങ്ങളുടെ കഴിവിനേയും അപ്പോൾ അല്ലാഹു വർദ്ധിപ്പിക്കുമാറാകട്ടെ. അല്ലാഹു നിങ്ങൾക്കും ലോകത്തുള്ള സകല അഹ്മദികൾക്കും നന്മയിൽ മുന്നോട്ടു കുതിക്കുന്നവരും അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കാൻ ശ്രമിക്കുന്നവരുമായിത്തീരാൻ ഭാഗ്യം നല്കട്ടെ. നമ്മെ എപ്പോഴും അവന്റെ സമാധാനത്തിന്റെ പാതയിലൂടെ നയിക്കുമാറാകട്ടെ.


Jumua Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
8.7.2005
at
Baithul Futhuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**

Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala